# പൂമൊട്ടുകൾ



## ജി.എച്ച്.എസ്.എസ് പട്ടുവം

**2018-2019**

പൂമൊട്ടുകൾ

# പട്ടുവം ഗവ:ഹയർ സെക്കണ്ടറി സ്കൂൾ

# 2018-19












-ആശംസ-

ഗവ.ഹയർസെക്കന്ററി സ്കൂളിലെ
'ലിറ്റിൽകൈറ്റ് 'യൂണിറ്റിന്റെ
നേതൃത്വത്തിൽ വിദ്യാർഥികൾ
ഒരു ഡിജിറ്റൽ മാഗസിൻ
പുറത്തിറങ്ങുന്നുവെന്നറിഞ്ഞാൽ
അതിയായ സന്തോഷം സ്കൂളിൽ
ആദ്യമായാണ് ഇത്തരത്തിൽ ഒരു
മാഗസിൻ

തയ്യാറാക്കിയിരിക്കുന്നത്.
വിവര സാങ്കേതികവിദ്യ
ഉപയോഗിച്ച് തയ്യാറാക്കിയ ഈ
മാഗസിന്
എല്ലാവിധ ആശംസകളും
നേരുന്നു.

ഹെഡ് മാസ്റ്റർ

ഒ.എം ഗോപാലൻ

"വിവര സാങ്കേതികരംഗത്ത് ഉയർന്ന മേഖലയിൽ എത്തിപ്പിടിക്കാനാവട്ടെ"-ആശംസകൾ നേരുന്നു.

റീനടീച്ചർ (സീനിയർ അസിസ്റ്റന്റ്)

“വിദ്യാർഥികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു .

നീഷ്മ ടീച്ചർ

[SITC]

ആധുനിക സാങ്കേതിക രംഗത്തുള്ള വിദ്യാർഥികളുടെ പുത്തൻ കാൽവെപ്പുകൾക്ക് ആശംസകൾ നേരുന്നു.

രത്നം ടീച്ചർ

[സ്റ്റാഫ് സെക്രട്ടറി]

# ആശംസകളോടെ

-ചന്ദ്രൻ.എം(പി.ടി.എ
പ്രസിഡന്റ്)

-സിസ്റ്റർ ഡ്രൂസില്ല(എം.പി.ടിഎ)

-രജിത്ത്കുമാർ(അധ്യാപകൻ)

-സംഗീത.വി.വി(അധ്യാപിക)

-സജിന.കെ( അധ്യാപിക)

-പ്രിയ.സി(അധ്യാപിക)

## ഉള്ളടക്കം

ആ തെരുവീഥിയിലൂടെ.....7
3 സിംഹങ്ങൾ.....11
ചുണ്ടെലിയും തവളയും.....14
ആനയും മാളുവും.....16
പ്രളയം.....19

അഞ്ജലി സി.എച്ച്

**ഒമ്പതാം തരം**

**കഥ**

## ആ തെരുവീഥിയിലൂടെ



പാത ജനനിബിഡമായിരുന്നു. നേരം സന്ധ്യയായി. എങ്ങും നിശബ്ദത. പക്ഷികളെല്ലാം തന്റേതായ സ്ഥാനത്ത് മാറിയകലുന്നു. ആ തെരുവിന്റെ ഒരു ഭാഗത്ത് ഒരു കൊച്ചു മുറിയിലാണ് ഇയാളുടെ താമസം. മുറിയുടെ ജനൽപാളിയിലൂടെ അയാൾ ആ തെരുവിലേക്ക് കണ്ണോടിച്ചു. ആ സ്ഥാനത്തു നിന്നു തന്നെ അയാൾ 20 വർഷങ്ങൾക്കുമുമ്പ് തന്റെ മകനോടൊപ്പം ആ തെരുവീഥിയിലൂടെ നടന്ന ചിത്രം ഓർത്തെടുത്തു.



അന്ന് ആ   മകന് വെറും 6 വയസ്സ്. അവർ രണ്ടുപേരും ആ വീതിയിലൂടെ നടന്ന പോകുമ്പോൾ
അയാളുടെ മകന്റെ ശ്രദ്ധ ആ
തെരുവോരത്ത് നിലയുറപ്പിച്ച ആ കച്ചവടക്കാരന്റെ
മുമ്പിലുള്ള കളിപ്പാട്ടങ്ങളുടെ
മേൽ മാത്രം. ആ കാഴ്ച്ച കണ്ടതോടെ
ആ കുട്ടി അവിടെ തന്നെ നിന്നു . എന്നിട്ട്
തന്റെ അച്ഛനോട് പറഞ്ഞു . "അച്ഛാ എനിക്ക് ആ കാണുന്ന ചുവന്ന കാർ വേണം ". അവൻ വാശിപിടിച്ച് കരയാൻ തുടങ്ങി .



കണ്ണിൽ നിന്നു വരുന്ന ഓരോ കണ്ണുനീർത്തുള്ളിക്കും
ആ കാറിനോട് ഒരു ഇഷ്ടം തോന്നി.
അവൻ എത്ര പറഞ്ഞിട്ടും ആ കുട്ടിക്ക്
ആ കാർ വാങ്ങിച്ചു കെടുത്തില്ല. കാരണം വേറൊന്നുമല്ല. അത് കൊച്ചു
കാർ വാങ്ങാനുള്ള പണം പോലും
അദ്ദേഹത്തിന്റെ കയ്യിൽ ഉണ്ടായിരുന്നില്ല. അയാൾ അയാളുടെ
മകനെ ഒരു കഷ്ടപാടും അറിയിക്കാതെ
യാണ് വളർത്തുന്നത്. മകന് തന്നോടുള്ള
ദേഷ്യം  ആ  അച്ഛൻ തന്റെ മകന്റെ കണ്ണിലൂടെ
തിരിച്ചറിഞ്ഞു .



എത്ര വാശിപിടിച്ചിട്ടും ആ കാർ അവന് വാങ്ങിച്ചുകൊടുത്തില്ല. അപ്പോൾ അവന്റെ ആ കൊച്ചു മനസ്സിൽ നിന്ന് അവ്യക്തമായ നിഴൽ പാടുകൾ പലതും കടന്നുപ്പോയി. തന്റെ അച്ഛനോടുള്ള ദേഷ്യത്തിൽ അച്ഛനോട് പറഞ്ഞു . "ഞാൻ വലുതായി അതുപോലെ തന്നെയുള്ള ഒരു നല്ല ചുവന്ന കാർവാങ്ങും , അച്ഛനെ ഒരിക്കലും കേറ്റത്തില്ല.

.......................................

ആരവ്ദേവ് എം.വി
എട്ടാം തരം

# 3 സിംഹങ്ങൾ



ഒരു ഗ്രാമത്തിൽ ഒരു വേട്ടക്കാരൻ ഉണ്ടായിരുന്നു. വേട്ടക്കാരൻ ഒരു ദിവസം അയാളുടെ മകനെയും കൂട്ടി സിംഹത്തെ വേട്ടയാടാൻ പോയി. ഒരു സിംഹത്തെ വേട്ടക്കാരൻ തന്റെ ഒറ്റ വെടിയിൽ കൊന്നു. ആ സിംഹം ഒരു പെൺ സിംഹമായുരുന്നു . ആ സിംഹത്തിന് മൂന്ന് കുഞ്ഞുങ്ങളുണ്ടായിരുന്നു. വേട്ടക്കാരൻ സിംഹത്തേയെടുത്ത് വണ്ടിയിലിട്ടു. അപ്പോൾ വേട്ടക്കാരന്റെ മകൻ വേട്ടക്കാരനോട് പറഞ്ഞു . അച്ഛാ ഈ മൂന്ന് സിംഹക്കുട്ടികളെ വീട്ടിലേക്ക് കൂട്ടിയാലോ. വേട്ടക്കാരൻ സമ്മതിച്ചു . അവർ മൂന്ന് സിംഹക്കുട്ടികളേയും വീട്ടിലേക്ക് കൂട്ടി. ഒരു വർഷം കടന്ന് പോയി. മൂന്ന് സിംഹക്കുഞ്ഞുങ്ങളും വളർന്ന് വലുതായി. ഒരു ദിവസം വേട്ടക്കാരൻ ആ മൂന്ന് സിംഹങ്ങളെ കാട്ടിൽ കൊണ്ടു പോയി വിട്ടു.





കുറച്ച് കാലം കഴിഞ്ഞപ്പോൾ വേട്ടക്കാരൻ മരിച്ചുപോയി. ആ സമയം മൂന്ന് സിംഹങ്ങളും തിരിച്ചുവന്നു. ആ സിംഹങ്ങൾ വേട്ടക്കാരനെ കുഴിച്ചിട്ടിടത്ത്പ്പോയി നിൽക്കുന്നത് കണ്ട് വേട്ടക്കാരന്റെ മകൻ സിംഹങ്ങളെ തന്റെ വീട്ടിലേക്ക് കൂട്ടികൊണ്ട് പോയി തന്റെ കൂടപ്പിറപ്പിനെപ്പോലെ വളർത്താൻ തുടങ്ങി.

നിബിന മരിയ ബാബു
എട്ടാം തരം

# ചുണ്ടെലിയും തവളയും



ഒരു ചുണ്ടെലിയും ഒരു തവളയും കൂട്ടുകാരായി.

എന്താ ഒരു ദിവസം എൻെറ വീട്ടിൽ വന്ന് ആഹാരം കഴിക്കാത്തത് ?

തവള ചോദിച്ചു.

എനിക്കും അതിഷ്ടമാണ സുഹൃത്തേ. പക്ഷേ എനിക്കു നീന്താനറിയില്ലല്ല.

ചുണ്ടെലി പറഞ്ഞു.

ഇല്ലന്നേ.ഒരു കാര്യം ചെയ്യാം.ഞാൻ നിൻെറ കാല് എൻെറ കാലിനോട്

ചേർത്ത് കെട്ടാം.അങ്ങനെ നിന്നെ നീന്താൻ സഹായിക്കാം.തവള ഒരു പായം

പറഞ്ഞു.

എന്തു രസമായിരിക്കും ആ യാത്ര.ചുണ്ടെലി വിചാരിച്ചു.

അങ്ങനെ ഇരുവരും കാലുകൾ പരസ്പ്പരം കൂട്ടിക്കെട്ടി നിന്താൻ തുടങ്ങി. കുളത്തിന്റെ മധ്യത്തിലെത്തിയപ്പോൾ തവളയുടെ മട്ടുമാറി അവൻ ചുണ്ടെലിയെ വെള്ളത്തിനടുവിലേക്ക് വലിച്ചുകൊണ്ടു നീന്താൻ തുടങ്ങി.



പാവം ചുണ്ടെലിക്ക് ശാസം മുട്ടി.

അയ്യോ നിർത്ത്.ഞാൻ മുങ്ങിച്ചത്തുപ്പോകും

പക്ഷേ ദുഷ്ടനായ തവള അതുകേട്ടതായി ഭാവിച്ചില്ല.വീണ്ടും വീണ്ടും താഴേക്കു വലിച്ചു.ഒടുവിൽ ആ പാവം എലി ചത്തു. മുകളിൽ പറന്നിരുന്ന കഴുകൻ ഒരെലി ചത്തു പൊന്തിക്കിടക്കുന്നതു കണ്ട് പറന്ന അതിനേയും എടുത്തു കൊണ്ട് ഉയർന്നു.കാലുകൾ കൂട്ടിക്കെട്ടിയിരുന്നതുകൊണ്ട് തവളയ്ക്കു രക്ഷപ്പെടാൻ കഴിഞ്ഞില്ല.എലിയും തവളയും കഴുകന് **ആഹാരമായി.**

.........................................

വിസ്മയ വിജിത്ത്
എട്ടാം തരം

# ആനയും മാളുവും



**ഒരു കാട്ടിൽ ആനയും, സിംഹവും, പുലിയും, അണ്ണാനും, അങ്ങനെയുള്ള പലജീവികളും സന്തോഷത്തോടെ താമസിച്ചിരുന്നു. അങ്ങനെയൊരു ദിവസം ആനവെള്ളം കുടിക്കനായി പോയി. അവിടെ മാളു എന്ന കുട്ടികളിക്കുന്നുണ്ടായിരുന്നു. അവൾക്ക് ആ ആനയെ വളരെ ഇഷ്ടമായി.അവൾ ആനയ്ക്ക്പഴം കൊടുക്കാനായി അവൾ എന്നും വരുമായിരുന്നു. ആതൊന്നും മറ്റുള്ള ജീവികൾക്ക് ഇഷ്ടമായിരുന്നില്ല. അവർ ആനയെ കളിക്കാൻ ക്കൂട്ടിയില്ല. ആരും ആനയോട് മിണ്ടുന്നില്ല. അവർ ആനയെ ഒറ്റപെടുത്താൻ തുടങ്ങി. ആനയ്ക്ക് വളരെ സങ്കടമായി. മാളുനിനോട് ആന എല്ലാക്കര്യവുംപറഞ്ഞു. അത്കേട്ടപ്പോൾ മാളുവിന് വളരെ സങ്കടമായി. അവൾ ആനയെ അനളുടെ വീട്ടിൽ കൊണ്ടുപോയി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ മാളുവും കുടുംബവും വിദേശത്തേക്ക്പോയി.**



**അവിടെയുള്ളവർ ആനയോട് വളരെ ക്രൂമായി പ്രതികരിക്കാൻതുടങ്ങി. ആന സഹികെട്ട് കാട്ടിലേക്ക് പോയി. അവിടെ ആനയുടെ കൂട്ടുകാരെ കണ്ടില്ല. മരങ്ങൾമുറിച്ച് പുതിയ പുതിയ വീടുകൾവന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ മാളുവും കുടുംബവും നാട്ടിൽഎത്തി അവൾ വന്നപ്പോൾ ആദ്യം അന്വേഷിച്ചത് അവളുടെ ആനയെ ആയിരുന്നു. പക്ഷേ അവിടെ ആനഉണ്ടായിരുന്നു. അവൾ ആനയെ കുറയെ തിരഞ്ഞു. അങ്ങനെ ഒരിക്കൽ അവൾ ആനയെ കണ്ടു. അതിനുശേഷം അവൾ വിദേശത്തേക്ക് പോകാതെ ആനയുടെ കൂടെ സന്തോഷത്തോടുകൂടികഴിഞ്ഞു.**



........................................

അഭിയ രാജ്
എട്ടാം തരം

കവിത

# പ്രളയം




ഇന്നലകൾക്കപ്പുറം പ്രകൃതിതൻ
വാൽസല്യ മധുരമെൻ നാവിൽ നിറഞ്ഞിരുന്നു.
പൂക്കൾക്ക് പുഴകൾക്ക് പുലർകാല സന്ധ്യയ്ക്ക്
പൊന്നുമ്മ ഞാനും കൊടുത്തിരുന്നു
പൊന്നുമ്മ ഞാനും കൊടുത്തിരുന്നു.
അരികത്തുള്ളഞ്ഞാലാടും മാവിന്റെ കൊമ്പിലെ
കിളികൾ ചിലപ്പതും കേട്ടിരുന്നു.
എവിടെയോ പോയ് വന്നു ഇന്നു സ്നേഹം
പ്രകൃതി മറ്റൊരു രൂപമായി തിരികെ വന്നു.
കുളിർക്കാറ്റ് തൊട്ടു ചിരിപ്പിച്ച പൂമുഖം
കൊടുങ്കാറ്റ് കൊണ്ടിന്നു വികൃതമായി
പ്രണയം നിറച്ചൊരു മൺകുടം പൊട്ടുവെ
പ്രളയമായി ഞാനിന്നു തിരികെ വന്നു.



വികസന പാതയി പൊന്നുന്ന കെട്ടിയ
പടികൾക്കു കീഴിലുണ്ടെന്റെ പാടം
ചാലിക്കാൻ കൊതിക്കുന്ന പുഴകൾ തൻ മണ്ണിലെ
ഈർപ്പത്തിലുണ്ടെന്റെ പുനർജൻമം
ഒരു നാളിലാകെ മൊഴിഞ്ഞൊരു കവിതയിൽ
തിമിരമാണെന്നതും കേട്ടതില്ല
മനുജൻ കണ്ണടച്ചന്നതിൽ നൃത്തമാടി

കരയുന്ന കാർമേഘം ദീർഘമായ് കരയുന്ന
വിദ്വേഷ ചിഹനനമായ പലയിടത്തും
വിദ്വേഷ ചിഹനമായ പലയിടത്തും.

.....................................................................................................................